ഉത്തരം

(എ) സംസ്ഥാനത്ത് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന അഗതി മന്ദിരങ്ങൾക്ക് സർക്കാർ ഗ്രാന്റ് അനുവദിക്കുന്നില്ല. അനാഥ അഗതി മന്ദിരങ്ങൾ, 'ദി ഓർഫനേജസ് ആന്റ് ചാരിറ്റബിൾ ഹോംസ് സൂപ്പർവിഷൻ & കൺട്രോൾ ആക്ട് 1960' (കേന്ദ്ര നിയമം) പ്രകാരം രൂപീകരിച്ചിട്ടുള്ള ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്, കേരളയിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങൾ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ് പ്രകാരം ഗ്രാന്റ് ഇൻ എയ്ഡ് ലിസ്റ്റിൽ ഉൾപ്പെടുന്നതിന് സർക്കാരിൽ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതും സർക്കാർ അനുമതി നൽകുന്ന മുറയ്ക്ക് ഗ്രാന്റ് ഇൻ എയ്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഇപ്രകാരം ഉൾപ്പെടുന്ന സ്ഥാപനങ്ങളിലെ ഒരു അന്തേവാസിക്ക് 1-4-2014 മുതൽ പ്രതിമാസം 800 രൂപ വീതവും 1-1-2015 മുതൽ പ്രതിമാസം 1000 രൂപ വീതവുമാണ് സർക്കാർ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

(ബി&സി) 'എ' പിരിവിലെ ഉത്തരവിന്റെ ആദ്യ ഖണ്ഡിക പ്രകാരം ചോദ്യം ഉദിക്കുന്നില്ല.

വികലാംഗർക്കുള്ള മുച്ചക്ര വാഹന വിതരണം

285 (3265) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലാ പഞ്ചായത്ത് വികലാംഗർക്കായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ മുച്ചക്രവാഹനം വിതരണം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ പദ്ധതിപ്രകാരം എത്രപേർക്ക് ഇതുവരെ മുച്ചക്രവാഹനം വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് സാമൂഹ്യക്ഷേമവകുപ്പ് അനുമതി നൽകാത്തതിന് കാരണം എന്താണ് ; വിശദമാക്കാമോ ;

(സി) മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസ്തുത പദ്ധതി ഈ വർഷവും നടപ്പിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ വർഷവും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ആലപ്പുഴ ജില്ലാ പഞ്ചായത്തിന് സാമൂഹ്യക്ഷേമ വകുപ്പ് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 2012-13 വർഷം 61 പേർക്ക് മുച്ചക്രവാഹനം വിതരണം ചെയ്തിട്ടുണ്ട്. 2013-14 വർഷത്തിൽ മുച്ചക്രവാഹനം വിതരണം ചെയ്തിട്ടില്ല.

(ബി) സാമൂഹ്യനീതി വകുപ്പ് ജില്ലാ സാമൂഹ്യനീതി ഓഫീസ് മുഖാന്തരം മുച്ചക്രവാഹന വിതരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് യഥാസമയം അംഗീകാരം നൽകിയിട്ടുള്ളതാണ്.

(സി) ഉണ്ട്.

(ഡി) പ്രോജക്ടുകൾ നിലവിലുണ്ടെങ്കിലും ഇതുസംബന്ധിച്ച് ആലപ്പുഴ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ആവശ്യമുണ്ട്.

അംഗപരിമിതർക്കുള്ള പെൻഷൻ

286 (3266) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗപരിമിതരായവർക്കുള്ള പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർ എത്രയാണ് ;

(ബി) ഇവർക്ക് ഇപ്പോൾ നൽകിവരുന്ന പെൻഷൻ തുക എത്രയാണ് ;

(സി) അംഗപരിമിതരായവർക്ക് എത്ര മാസത്തെ പെൻഷൻ കുടിശ്ശിക നൽകുവാനുണ്ട് ;

(ഡി) അംഗപരിമിതരായവർക്കുള്ള പെൻഷൻ കുടിശ്ശിക നൽകുവാൻ എത്ര തുക വേണ്ടിവരും ;

(ഇ) അംഗപരിമിതരായവർക്കുള്ള പെൻഷൻ കുടിശ്ശിക കൊടുത്ത് തീർക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 325529 പേർ അംഗപരിമിതരായവർക്കുള്ള പെൻഷൻ പദ്ധതിയിൽ ഗുണഭോക്താക്കളായുണ്ട്.

(ബി) 80%-ഉം അതിനുമുകളിലും അംഗവൈകല്യമുള്ളവർക്ക് പ്രതിമാസം 1100 രൂപാ നിരക്കിലും മറ്റുള്ളവർക്ക് പ്രതിമാസം 800 രൂപാ നിരക്കിലും പെൻഷൻ നൽകിവരുന്നു.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly